STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.350/PR/SPMC/PHQ/2025 Date:29.10.2025

## വിഷൻ 2031: ആഭ്യന്തര വകുപ്പിന്റെ സെമിനാർ നവംബർ മൂന്നിന്

**വിഷൻ–2031** ആഭ്യന്തരവകുപ്പിന്റെ സെമിനാർ 2025 നവംബർ മൂന്നാം തീയതി കണ്ണൂരിൽ സംഘടിപ്പിക്കും.

സംസ്ഥാനത്തിന്റെ കഴിഞ്ഞകാല വളർച്ചയെ വിലയിരുത്തുന്നതിനും ഭാവി വികസന ലക്ഷ്യങ്ങൾ ആസൂത്രണം ചെയ്യുന്നതിനും 2031 ൽ കേരളം എങ്ങനെയായിരിക്കണം എന്ന വിപുലമായ കാഴ്ചപ്പാട് രൂപീകരിക്കുന്നതിനുമായാണ് സെമിനാർ സംഘടിപ്പിക്കുന്നത്.

ആഭ്യന്തരവകുപ്പിന്റെ സെമിനാറിന്റെ ഉദ്ഘാടനം നവംബർ മൂന്നിന് രാവിലെ 9.30ന് മുൻ സുപ്രീം കോടതി ജഡ്ജി സി .ടി രവികുമാർ കണ്ണൂർ കളക്ടറേറ്റിൽ നിർവ്വഹിക്കും.

കേരളത്തിന്റെ സമഗ്രവികസനത്തിന് ഊർജം പകരുന്നതിനായി ആഭ്യന്തരവകുപ്പിന്റെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ആവശ്യമായ നയരേഖ രൂപപ്പെടുത്തുന്നതിനായി നവചിന്തകളും പുത്തൻ ആശയങ്ങളും പുതിയ മാർഗനിർദ്ദേശങ്ങളും സെമിനാറിലൂടെ കണ്ടെത്തുകയും അവ ക്രോഡീകരിച്ച് സർക്കാരിന് മുന്നിൽ സമർപ്പിക്കുകയുമാണ് ലക്ഷ്യം.

ഉദ്ഘാടനചടങ്ങിൽ ആഭ്യന്തര & വിജിലൻസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ബിശ്വനാഥ് സിൻഹ, സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ, ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറൽ നിതിൻ അഗ്രവാൾ, മുൻ സംസ്ഥാന പോലീസ് മേധാവി ജേക്കബ് പുന്നൂസ്, കണ്ണൂർ റെയ്ഞ്ച് ഡി.ഐ.ജി യതീഷ് ചന്ദ്ര ജി എച്ച് തുടങ്ങിയവർ പങ്കെടുക്കും.

*************************